# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ 2018

ക്ലാസ്സ് : V    സമയം : 2 മണിക്കൂർ
തീയതി : 07-04-2018    മാർക്ക് : 70

**പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക 5**

| | | |
|---|---|---|
| സിനഗോഗ് | സങ്കീർത്തനങ്ങൾ | ക്രിസ്മസ് |
| പന്തക്കുസ്താതിരുനാൾ | വി. ഗ്രന്ഥം | |

1. ഇസ്രായേൽ ജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങൾ
2. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുന്നതിനുള്ള വഴികാട്ടി.
3. വി. ഫ്രാൻസിസ് അസീസ്സി ഏറ്റവുമധികം ഇഷ്ടപ്പെട്ടിരുന്ന തിരുനാൾ.
4. യഹൂദരുടെ സമ്മേളന സ്ഥലം.
5. വിളവെടുപ്പ് ആരംഭിച്ചതിന്റെ അമ്പതാം ദിവസം ആഘോഷിച്ചിരുന്ന തിരുനാൾ.

**എ - ബിയോട് ചേർക്കുക 5**

6. കത്തോലിക്കാ പരായണം - ദൈവംനമ്മോടുകൂടെ
7. യോംകിപ്പൂർ - അഭിഷിക്തൻ
8. മിശിഹാ - സ്മാരകം
9. ഗിൽഗാൽ - വി. ഡോൺ ബോസ്കോ
10. ഇമ്മാനുവേൽ - പാപപരിഹാരദിനം

**ഒറ്റവാക്കിൽ ഉത്തരം എഴുതുക 5**

11. ആദ്യമായി ഇന്ത്യ സന്ദർശിച്ച പാപ്പ?
12. ഹല്ലേലൂയ്യാ എന്ന പദത്തിന്റെ അർത്ഥം എന്ത്?
13. അപ്പസ്തോലന്മാരിൽ ആദ്യം രക്തസാക്ഷിത്വം വരിച്ചത്?



14. കേരളത്തിൽ സ്ഥാപിതമായ ആദ്യത്തെ ലത്തീൻ രൂപത.
15. ആദിമസഭയുടെ ചരിത്രം നൽകുന്ന വി. ഗ്രന്ഥത്തിലെ പുസ്തകം.

**സംഭവങ്ങൾ ക്രമത്തിലെഴുതുക 5**

16. എ) യാത്ര തുടർന്നപ്പോൾ അവർ കുടിക്കാൻ വെള്ളമില്ലാതെ വലഞ്ഞു.
ബി) മോശ അപ്രകാരം ചെയ്തു.
സി) ജനം കുടിച്ച് തൃപ്തരായി.
ഡി) ഹോറബിലെ പാറമേൽ വടി കൊണ്ടടിക്കാൻ ദൈവം കല്പിച്ചു.
സി) ഒരു നീരുറവ പ്രത്യക്ഷപ്പെട്ടു.

**ശരിയോ, തെറ്റോ എന്നെഴുതുക 5**

17. സഭയിൽ വളരെ പ്രാധാന്യത്തോടെ ആചരിക്കുന്ന തിരുനാളാണ് പെസഹാ.
18. ഏഴ് സാബത്തു വർഷങ്ങൾ കഴിഞ്ഞുവരുന്ന വർഷം ജൂബിലി വർഷമാണ്.
19. ഇസ്രായേലിലെ അവസാനത്തെ ന്യായാധിപനായിരുന്നു സാവൂൾ.
20. വി. ക്ലാരയുടെ ഗുരുവും സുഹൃത്തും പിതാവും വഴികാട്ടിയുമായിരുന്നു വി. ഫ്രാൻസിസ്.
21. ഈജിപ്തിലെത്തിയ ജോസഫിനെ യാക്കോബ് സന്തോഷപൂർവ്വം സ്വീകരിച്ചു.

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4**

22. തിന്മയെ വെറുക്കുവിൻ ............................ നീതി സ്ഥാപിക്കുവിൻ (ആമോസ് 5:15).
23. കർത്താവ് എന്റെ ശക്തിയും .......................... രക്ഷയായി ഭവിച്ചിരിക്കുന്നു (പുറപ്പാട് 15:2).

**ഉത്തരം എഴുതുക**

24. തന്റെ അടുക്കലേയ്ക്കുവന്ന ഈശോയെ കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ പറഞ്ഞതെന്ത്? **2**
25. ഇസ്രായേലിലെ പുരോഹിതന്മാർ നിയുക്തരായത് എന്തിന്? **3**
26. വിശുദ്ധ ജോൺ ബർക്കുമെൻസിന്റെ സന്ദേശം എഴുതുക? **3**
27. ഇസ്രായേൽ ജനം വിവിധ തിരുനാളുകൾ ആചരിച്ചിരുന്നത് എന്തിനുവേണ്ടി? **3**
28. സഭയിലെ അംഗങ്ങളായ നാം ഞായറാഴ്ച ദിവസം വിശുദ്ധമായി ആചരിക്കേണ്ടത് എങ്ങനെ? **3**
29. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? **4**
30. ദരിദ്രരോടുള്ള സ്നേഹത്തിൽ വളരാൻ വിശുദ്ധ ഫ്രാൻസിസ് അസിസ്സിയുടെ ജീവിതം നിങ്ങൾക്ക് എങ്ങനെ മാതൃകയാക്കാം? **4**
31. സഭയിലെ പ്രധാന തിരുനാളുകൾ ഏവ? ഈ തിരുനാളുകൾ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമാകുന്നതെങ്ങനെ? **4**
32. മനസ്താപപ്രകരണം എഴുതുക. **5**
33. എസെക്കിയേൽ പ്രവാചകൻ നല്കിയ പ്രത്യാശയുടെ സന്ദേശങ്ങൾ ഏവ? **5**
34. ഈശോ നമുക്ക് നൽകിയ പുതിയ കല്പന എന്ത്? ഇത് എപ്രകാരം നിങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കും? **5**